# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*202 11.03.2020- ൽ മറുപടിക്ക്**

### കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.വി.കെ.പ്രശാന്ത് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ പ്രവർത്തനം മൊത്തത്തിലും യൂണിറ്റടിസ്ഥാനത്തിലും മാസം തോറും റിയാബ് മുഖേന അവലോകനം ചെയ്തു വരുന്നു. ഉൽപാദന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനുള്ള പ്രധാന അസംസ്കൃതവസ്തുവായ പഞ്ഞി വാങ്ങുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി കമ്പനിയ്ക്ക് 942.66 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിവിധ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 34.39 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ യൂണിറ്റുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് മില്ലുകളുടെ മാനേജ്മെന്റ് സംവിധാനങ്ങളിലും ആവശ്യമായ ക്രമീകരണങ്ങൾ നടത്തി വരുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഉദുമ സ്പിന്നിംഗ് മിൽ, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ഹൈടെക് വീവിംഗ് മിൽ, പിണറായി എന്നിവ തുറന്നു പ്രവർത്തിപ്പിച്ചു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ടേൺ ഓവർ 2015-16 ലെ 31.68 കോടി രൂപയിൽ നിന്നും 49.07 കോടി രൂപയിലേക്ക് ഉയർന്നു. 873 പേർക്ക് പുതുതായി ജോലി നൽകുവാനും കഴിഞ്ഞു. |

| | |
|---|---|
| (ബി) കോർപ്പറേഷന്റെ സ്പിന്നിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ ആധുനിക കമ്പോളത്തിൽ മത്സരക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലുള്ള 7 മില്ലുകളിൽ 2 മില്ലുകളിലാണ് (കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ആലപ്പുഴ, ഹൈടെക് വീവിംഗ് മിൽ, പിണറായി, കണ്ണൂർ) തുണി ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ളത്. പ്രസ്തുത മില്ലുകളിൽ വർക്ക് ഓർഡർ അനുസരിച്ചുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് നൽകുന്ന രീതിയാണുള്ളത്. മറ്റ് അഞ്ച് യൂണിറ്റ് മില്ലുകളിലും (പ്രഭുറാം മിൽസ്, ചെങ്ങന്നൂർ, കോട്ടയം ടെക്സ്റ്റൈൽസ്, കോട്ടയം, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽ, കോഴിക്കോട്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം, ഉദുമ ടെക്സ്റ്റൈൽസ്, കാസർഗോഡ്) നൂൽ ഉൽപാദിപ്പിച്ച് കമ്പോളത്തിൽ വിൽക്കുന്ന രീതിയാണ് നിലവിലുള്ളത്.<br><br>കേരളത്തിലെ ടെക്സ്റ്റൈൽ മേഖലക്ക് സഹായകമാകുന്ന വിധത്തിൽ കണ്ണൂർ നാടുകാണിയിൽ പ്രിന്റിംഗ് ഉൾപ്പെടെയുള്ള പ്രീലൂം & പോസ്റ്റ്ലൂം പ്രോസസ്സ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഗുണമേന്മ പരിശോധിക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിൽ ബാലരാമപുരത്ത് പ്രവർത്തിക്കുന്ന സെന്റർ ഫോർ അപ്ലൈയ്ഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ഇൻ ടെക്സ്റ്റൈൽ (കാർഡിറ്റ്) ലാബിൽ കോർപ്പറേഷന്റെ മില്ലുകളിലെ നൂലുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും അതുവഴി ഗുണനിലവാരം ഉറപ്പാക്കുവാനുമുള്ള സംവിധാനം നിലവിലുണ്ട്. കോർപ്പറേഷന്റെ മില്ലുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര ഗുണനിലവാരത്തിൽ എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കാർഡിറ്റ് ലാബിൽ ആധുനിക സംവിധാനങ്ങളും ഫാബ്രിക് ടെസ്റ്റിനുള്ള സംവിധാനങ്ങളും ഉൾപ്പെടുത്തി ആധുനികവൽക്കരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയും ചെയ്യുന്നു. ടെക്സ്റ്റൈൽ കമ്മിറ്റി, നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ മുതലായ ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി മില്ലുകളിൽ ഉൽപാദന പ്രക്രിയയിലെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഷെഡ്യൂൾഡ് ടെസ്റ്റിംഗ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ |

കോർപ്പറേഷന്റെ എല്ലാ സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനും, മേഖലാടിസ്ഥാനത്തിൽ 3 ലാബുകൾ കൂടി സജ്ജീകരിച്ച് ഉൽപാദന പ്രക്രിയയിലുടനീളം ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും നടപടികൾ ആവിഷ്കരിച്ചു വരികയാണ്. കോർപ്പറേഷനു കീഴിലുള്ള മില്ലുകളിൽ ഓട്ടോകോണറുകൾ സ്ഥാപിച്ച് ഗുണനിലവാരം ഉയർത്തുവാൻ ഉള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഘട്ടം ഘട്ടമായുള്ള ആധുനികവൽക്കരണവും ഉദ്ദേശിക്കുന്നു. ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കയറ്റുമതി സ്ഥാപനങ്ങളുമായി ധാരണയിലെത്തു ന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**